**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6024** **07.07.2014- ൽ മറുപടിക്ക്**

**കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാരാണ് നിലവിൽ ജോലി ചെയ്യുന്നത്; | (എ) കൃഷി അസിസ്റ്റന്റുമാരുടെ തസ്തികയിൽ 2981 പേർ സ്ഥിരം ജീവനക്കാരായിട്ടുണ്ട്. |
| (ബി) സ്ഥിരം ജീവനക്കാരായ കൃഷി അസിസ്റ്റന്റുമാരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 265 |
| 2 | കൊല്ലം | 231 |
| 3 | പത്തനംതിട്ട | 148 |
| 4 | ആലപ്പുഴ | 207 |
| 5 | കോട്ടയം | 204 |
| 6 | ഇടുക്കി | 146 |
| 7 | എറണാകുളം | 236 |
| 8 | തൃശ്ശൂർ | 318 |
| 9 | പാലക്കാട് | 274 |
| 10 | മലപ്പുറം | 307 |
| 11 | കോഴിക്കോട് | 222 |
| 12 | വയനാട് | 70 |
| 13 | കണ്ണൂർ | 243 |
| 14 | കാസർഗോഡ് | 110 |
| ആകെ | | 2981 |

| | | | |
|---|---|---|---|
| (സി) | എൻ.ജെ.ഡി. ഒഴിവുകൾ, മരണം നിമിത്തം വന്ന ഒഴിവുകൾ എന്നിവ നികത്താൻ പി.എസ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇല്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | 31.03.2014-ൽ പി.എസ്.സി. ശുപാർശ നൽകിയ 125 ഒഴിവുകളിൽ പ്രമോഷൻ, റിട്ടയർമെന്റ് എന്നിവ വഴി ഉണ്ടായ ഒഴിവുകൾ എത്രയെന്ന് വിശദമാക്കാമോ? | (ഡി) | 31.03.2014-ൽ പി.എസ്.സി. 122 പേർക്കാണ് ശുപാർശ നൽകിയത്. കൃഷി അസിസ്റ്റന്റിന്റെ നിയമനം സംസ്ഥാനാടിസ്ഥാനത്തിലാണ്. ജില്ലകളിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ നൽകുന്ന ഒഴിവുകൾ സംബന്ധിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. അതിനാൽ പ്രമോഷൻ, റിട്ടയർമെന്റ് എന്നിവ വഴി ഉണ്ടായ ഒഴിവുകൾ പ്രത്യേകമായി തരം-തിരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ